**KERALA STATE HAJ COMMITTEE**
*(Constituted under the Act of Parliament No. 35 of 2002)*
HAJ HOUSE, CALICUT AIRPORT P.O.,
MALAPPURAM Dist., KERALA - 673 647.

Phone: 0483-2710717, 0483-2717572
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

H2/225/2021/KSHC Date : 01-05-2022

**പ്രസിദ്ധീകരണത്തിന്**

## ഹജ്ജ് ക്യാമ്പ് വോളന്റിയർ - അപേക്ഷ ക്ഷണിച്ചു

ഹജ്ജ്-2022 നോടനുബന്ധിച്ച്, പരിശുദ്ധ ഹജ്ജ് കർമ്മത്തിന് പുറപ്പെടുന്ന ഹാജിമാർക്ക് ഹജ്ജ് ക്യാമ്പിൽ സൗജന്യ സേവനം ചെയ്യുന്നതിന് സന്നദ്ധരായ 65 വയസ്സിനു താഴെ പ്രായമുള്ളവരിൽ നിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ രണ്ടു ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ചവരുമായിരിക്കണം, ഓൺലൈൻ അപേക്ഷ QR-കോഡ് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഒഫീഷ്യൽ വെബ് സൈറ്റിൽ ലഭ്യമാണ്. മേൽ QR-കോഡ് സ്കാൻ ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകി അപേക്ഷ സബ്മിറ്റ് ചെയ്യേണ്ടതാണ്, പൂർണമായി പൂരിപ്പിക്കാത്തതോ തെറ്റായ വിവരങ്ങൾ നൽകിയതോ ആയ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ, അവരുടെ വയസ്സ് തെളിയിക്കുന്ന ഫോട്ടോ പതിച്ച രേഖ, രണ്ടാം ഡോസ് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ സഹിതം രാവിലെ 9:00 മണിക്ക് ഇന്റർവ്യൂവിന് ഹാജരാവേണ്ടതാണ്, ഇന്റർവ്യൂ മെയ് 14ന് എറണാകുളം വഖഫ് ബോർഡ് ഓഫീസിൽ വെച്ചും മെയ് 15ന് കരിപ്പൂർ ഹജ്ജ് ഹൗസിൽ വെച്ചുമായിരിക്കും. മെയ് 10വരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർക്ക് മാത്രമേ ഇന്റർവ്യൂവിന് ഹാജരാവാൻ സാധിക്കുകയുള്ളൂ.

വിവരങ്ങൾക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0483 2710 717, 0483-2717572.

(ഒപ്പ്)

അസി.സെക്രട്ടറി